(13) കൊല്ലം ഇ.എസ്.ഐ. ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ബാബു ദിവാകരൻ : സർ, ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരാശുപത്രിയാണ് കൊല്ലം ആശ്രാമം ഇ.എസ്.ഐ. ആശുപത്രി. ലക്ഷക്കണക്കിന് സാധാരണക്കാരായ തൊഴിലാളികൾ അവരുടെ വൈദ്യചികിത്സയ്ക്കു വേണ്ടി ആശ്രയിക്കുന്ന ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. 150 കിടക്കകളുള്ള ആ ആശുപത്രിയിൽ ശരാശരി 250-ഉം 300-ഉം തൊഴിലാളികൾ ദൈനംദിന രോഗികളായി എത്തുന്നു. അവിടെ ഡോക്ടർമാരുടെ അഭാവുമുണ്ട്. 36 ഡോക്ടർമാരുടെ തസ്തികയാണ് അവിടെ അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 24 പേരാണുള്ളത്. അത് സൂപ്പർ സ്പെഷ്യലിറ്റിയുള്ള, അല്ലെങ്കിൽ സ്പെഷ്യൽ ട്രീറ്റുമെന്റിനാവശ്യമായ, ഒരു റഫറൽ ആശുപത്രികൂടിയാണ്. ആ ജില്ലയിലെ മുഴുവൻ തൊഴിലാളികളും അവരുടെ വിദഗ്ദ്ധ ചികിത്സയ്ക്ക് ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. പ്രധാനപ്പെട്ട ഡോക്ടർമാരുടെയെല്ലാം പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവരെല്ലാം ലീവെടുത്ത് മറ്റ് സങ്കേതങ്ങളിലേക്ക് പോയിരിക്കുകയാണ്. 38 നഴ്സുമാരുടെ തസ്തിക അവിടെയുണ്ട്. ഇപ്പോഴവിടെ പ്രവൃത്തിയിലുള്ളത് 16 നഴ്സുമാർ മാത്രമാണ്. ഓപ്പറേഷൻ തീയേറ്റർ അവിടെയിപ്പോൾ പ്രവർത്തിക്കുന്നില്ല. അതിനാവശ്യമായ നഴ്സുമാരുടെ അഭാവവും അതുപോലെ മറ്റു സാഹചര്യങ്ങളുടെ കുറവുമുണ്ട്. അവിടത്തെ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാതായിട്ട് വർഷങ്ങളായി. അതുപോലെ അവിടത്തെ ലാബിൽ നാമമാത്രമായ പരിശോധന മാത്രമാണ് നടക്കുന്നത്. ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും അവിടെയുണ്ട്. എപ്പോൾ വർഷങ്ങളായി ആ ബ്ലഡ്ബാങ്ക് പ്രവർത്തിക്കുന്നില്ല. ആ ഉപകരണങ്ങൾ മുഴുവൻ തുരുമ്പെടുക്കുകയാണ്. അവിടെയൊരു ഐ.സി.യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്. ഇതുവരെ പ്രവർത്തിച്ചിട്ടില്ല. വൈദ്യ ചികിത്സാ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച ചെലവിനെ സംബന്ധിച്ചിടത്തോളമൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. തൊഴിലാളികൾക്ക് ഈ സൗകര്യങ്ങളൊരുക്കിക്കൊടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും സത്യത്തിൽ ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിലില്ല. ഇവടെ ലേബർറൂമുണ്ട്. കറണ്ടില്ല. ലേബർ റൂമിൽ കറണ്ട് എപ്പോഴാണ് പോകുന്നത്, എപ്പോഴാണ് വരുന്നതെന്നൊന്നും യാതൊരു ഉറപ്പുമില്ല. അതുകൊണ്ട് അവിടെ പ്രസവത്തിനു ചെല്ലുന്ന സാധാരണക്കാരായ തൊഴിലാളികൾ, അവരനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. അവിടെയൊരു ഡെന്റൽ ഡിപ്പാട്ടുമെന്റുണ്ട്. ഡെന്റൽ ചെയറല്ലാതെ വേറെ ഒരു ഉപകരണവുമില്ല. അതുകൊണ്ട് യാതൊന്നും നടക്കുന്നില്ല. ഇതിനെല്ലാം തൊഴിലാളികളെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് പറഞ്ഞയയ്ക്കേണ്ടിവരുന്ന സ്ഥിതിയാണ്. ആശുപത്രിയിലെ ഡ്രെയിനേജ് സംവിധാനം മുഴുവൻ തകർന്നുകിടക്കുകയാണ്. അവിടെ വേസ്റ്റ് ഡിസ്പോസലിന് യാതൊരു സംവിധാനവുമില്ല. മരുന്നുകളാണെങ്കിൽ യഥാസമയം കിട്ടാനില്ല. ഒരു വർഷത്തേയ്ക്കുള്ള മരുന്നുകളെല്ലാംകൂടി ഈ മാസം കിട്ടി. ഈ ഏപ്രിൽ ആകുമ്പോൾ എക്സ്പയറിയാകുന്ന 5 ലക്ഷത്തിൽക്കൂടുതൽ രൂപയ്ക്കുള്ള മരുന്നുകളാണ് ഈ മാസം ലഭിച്ചത്. ഇതിനെല്ലാം ഉപരിയായി അവിടെയൊരു

LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കുവേണ്ടിയുള്ള അനുമതി കേന്ദ്ര ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും കിട്ടിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ അനാസ്ഥകൊണ്ടുമാത്രം ആ പ്രവർത്തനങ്ങൾ യാതൊന്നും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം പ്രദേശമാണത്. ഒരു കിലോമീറ്ററിനകത്താണ് അദ്ദേഹം താമസിക്കുന്നത്. ഇതുവരെ ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ മന്ത്രി തയ്യാറായിട്ടില്ല. തൊഴിലാളികളുടെ ബുദ്ധമുട്ടുകൾ നല്ലതുപോലെ മനസ്സിലാക്കുന്ന ഒരു മന്ത്രിയാണെന്നാണ് എന്റെ വിശ്വാസം. കശുവണ്ടിതൊഴിലാളികൾ, കയർ തൊഴിലാളികൾ എന്നിവരാശ്രയിക്കുന്ന ഈ ആശുപത്രിയുടെ കാര്യത്തിൽ ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിന് വളരെ നിഷ്പ്രയാസം ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ പോലും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ അടിയന്തിര പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കൊല്ലം ആശ്രാമം ഇ. എസ്. ഐ. ആശുപത്രിയോട് കുറ്റകരമായ അനാസ്ഥയെന്നും ഈ ഗവൺമെന്റ് കാണിക്കാറില്ല. പൊതുവെ ഇ.എസ്.ഐ.യിൽ പരിമിതികളുണ്ടെന്നുള്ളത് സത്യമാണ്. ആശ്രാമം ഇ.എസ്.ഐ. ആശുപത്രിയിൽ 13 അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരും 9 സ്പെഷ്യലിസ്റ്റുകളും 7 ഹെഡ് നഴ്സുമാരും 19 സ്റ്റാഫ് നഴ്സുകളും ഇപ്പോൾ സേവനമനുഷ്ഠിച്ചുവരികയാണ്. രണ്ട് മെഡിക്കൽ ഓഫീസർ, രണ്ട് സ്പെഷ്യലിസ്റ്റ്സ്, മൂന്ന് ഹെഡ്നേഴ്സ് മൂന്ന് സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകളിൽ നിയമനം നടത്തേണ്ടതുണ്ട്. ഒരു നേഴ്സിംഗ് സൂപ്രണ്ടിന്റെ തസ്തികയിലും ഉടനെ നിയമനം നടത്താൻ ആലോചനയുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുമാണ് നിയമനം നടത്തേണ്ടത്. അതിന്റെ കാലതാമസം കൊണ്ട് നമ്മൾ ആഗ്രഹിക്കുന്നതും ഉദ്ദേശിക്കുന്നതുമായ തരത്തിലൊന്നും സ്റ്റാഫിനെ പ്രൊവൈഡ് ചെയ്യാൻ നമുക്ക് കഴിയില്ല. ആശുപത്രിയിൽ ജലദൗർലഭ്യമുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കിണറുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആശുപത്രിയുടെ അറ്റകുറ്റപ്പണികളും നടന്നുവരുന്നു. ഓപ്പറേഷൻതിയേറ്ററുകളിൽ പുതിയ എയർ കണ്ടീഷനുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 151 ആണെങ്കിലും ശരാശരി അഡ്മിറ്റ് ചെയ്യേണ്ടിവരുന്നത് 200-നുമുകളിലാണ്. 151 കിടക്കകളുള്ള സ്ഥലത്ത് 200-ഉം 200-നുമുകളിലും രോഗികളെ അഡ്മിറ്റുചെയ്താൽ അതിന്റേതായ ബുദ്ധിമുട്ടുകളുണ്ടാകുമെന്നുള്ളത് നമുക്ക് അറിവുള്ളതാണല്ലോ. രോഗികളുടെ എണ്ണം 200-നുമുകളിലാണ് വരുന്നത്. സ്ഥല പരിമിതിയും മറ്റു കുറവുകളും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി അനുവദിച്ചു അതിന്റെ കല്ലുമിട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കുറ്റകരമായ അനാസ്ഥകൊണ്ടാണ് അതിന്റെ പണി നടക്കാത്തതെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ആരോപണം ശരിയല്ല. രണ്ട് സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രികളാണ് കേരളത്തിൽ അനുവദിച്ചിട്ടുള്ളത്. ഒന്ന് കൊല്ലത്തും മറ്റൊന്ന് കോഴിക്കോടും. ഇതിന്റെ പണി നടത്തേണ്ടത് സെൻട്രൽ പി.ഡബ്ല്യു.ഡി.യാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഗവൺമെന്റ് വളരെ താല്പര്യത്തോടെ, ഞാൻ കൊല്ലത്തുകാരനായതുകൊണ്ട് ഈ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്റെ കാലത്തുതന്നെ പൂർത്തീകരിക്കണമെന്ന് മനഃപ്പൂർവ്വമായ ഉദ്ദേശത്തിൽ കേന്ദ്രഗവൺമെന്റിൽ അസാമാന്യമായ സമ്മർദ്ദം ചെലുത്തികൊണ്ടിരിക്കുകയാണ്. ഏകദേശം ഇപ്പോൾ പണി തുടങ്ങിയ സ്റ്റേജിലാണ്. വളരെയധികം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടും അതിന്റെ പുറകിൽ പ്രത്യേകം ശ്രദ്ധയുള്ളതുകൊണ്ടുമാണ് അതിപ്പോൾ തുടങ്ങാൻ കഴിയുന്നത്. അതുപോലെതന്നെ കോഴിക്കോട് സൂപ്പർ സ്പെഷ്യാലറ്റി ആശുപത്രിയും അടിയന്തിരമായിതന്നെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും.

(14) മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. ടി. എസ്. ജോൺ: സർ, മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ല എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മല്ലപ്പള്ളിയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന പി.എച്ച്. സെന്ററിനുപകരം ബോർഡിൽ, മല്ലപ്പള്ളി താലൂക്കാശുപത്രി എന്ന് എഴുതി വച്ചിട്ടുണ്ട്. അതല്ലാതെ ഡോക്ടർമാരും മറ്റു സ്റ്റാഫും ഒന്നുമില്ല. സ്റ്റാഫില്ലെങ്കിൽ എങ്ങനെ താലൂക്കാശുപത്രിയാകും. താലൂക്കാശുപത്രിക്കാവശ്യമായിട്ടുള്ള തസ്തികകൾ പാറ്റേണനുസരിച്ച് ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് താലൂക്കാശുപത്രിക്ക് ആവശ്യമായ പാറ്റേൺ അനുസരിച്ചുള്ള തസ്തിക അനുവദിക്കുന്നതിനും അതുപോലെ തന്നെ ഡോക്ടർമാരേയും മറ്റു സ്റ്റാഫുകളേയും അനുവദിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിച്ച് തരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ): മല്ലപ്പള്ളി താലൂക്കാശുപത്രിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. എന്റെ കയ്യിലുള്ള രേഖകൾ വച്ചുകൊണ്ട് ഞാൻ പറയാം. മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ 22 കിടക്കകളാണുള്ളത്. ഇവിടെ ഒരു സിവിൽ സർജൻ, ഒരു അസിസ്റ്റന്റ് സർജൻ, ഒരു ഹെഡ് നേഴ്സ്, രണ്ടു സ്റ്റാഫ് നേഴ്സ് എന്നിവരുൾപ്പെടെ 17 ജീവനക്കാർ നിലവിലുണ്ട്. ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണമനുസരിച്ചാണ് സ്റ്റാഫിനെ അനുവദിക്കുന്നത്. അതനുസരിച്ച് ഉള്ളവരുടെ എണ്ണം കൂടുതലാണ്. താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടെങ്കിലും 82 കിടക്കകളുള്ള ആശുപത്രിക്ക് ആവശ്യമായ കിടക്കകളുടെ എണ്ണവും മറ്റു അടിസ്ഥാന സൗകര്യങ്ങളും അവിടെ സജ്ജമാക്കിയിട്ടില്ല. ഇതെല്ലാം ലഭ്യമാക്കിയതിനുശേഷം ധനലഭ്യതയനുസരിച്ച് മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ അനുവദനീയമായ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. അവിടെ വലിയ ജനത്തിരക്കും അസൗകര്യമൊക്കെയുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് അടിയന്തിരമായി ഇക്കാര്യങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly